13
ജൂലൈ 2023
വ്യാഴം
Pages- 5
Vol. 2 Issue 161

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
530



## മതനിന്ദ ആരോപിച്ച്

# ക്രിസ്ത്യൻ യുവാവിനെ അറസ്റ്റ് ചെയ്തു

**‘ഏതെങ്കിലും വ്യക്തിക്കെതിരെ മതനിന്ദ ആരോപണം ഉയർന്നാൽ, ശരിയായ അന്വേഷണവും നിയമനടപടികളും പാലിക്കാതെ പോലീസ് നേരിട്ട് കേസെടുക്കുന്നത് ഒരു പതിവാണ്,**

പേജ് 3,4 കാണുക




# 190 ദിവസത്തിൽ 400 അക്രമണങ്ങൾ;

## യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ റിപ്പോർട്ട്

എഡിറ്റോറിയൽ
ക്രിസ്ത്യൻ ലൈവ്
2023 ജൂലൈ 13 വ്യാഴം



# പ്രതീക്ഷകളോടെ മണിപ്പൂർ...

ഭാരതത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഒന്നായ മണിപ്പൂർ മാധ്യമങ്ങളിൽ നിറഞ്ഞാടാൻ തുടങ്ങിയിട്ട് ആഴ്ചകൾ കുറെയായി. ഗോത്രങ്ങൾ തമ്മിലുള്ള വൈര്യം അത് സർവ്വനാശത്തിന് മുഖാന്തരമായി തീരുന്നത് നിറകണ്ണുകളോടുകൂടി മാത്രമേ മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത ഏതൊരു വ്യക്തിക്കും കാണാൻ കഴിയു. പ്രാദേശികവും മത ആചാര നിയമപരമായി നിരവധി കാരണങ്ങൾ നിരത്തി നാളുകളായി നില നിന്ന് പോരുന്ന വൈര്യം ഇപ്പോൾ കൂടുതൽ കരുത്ത് ആർജ്ജിച്ച് ആളിപ്പടർന്നു ആൾനാശം മാത്രമല്ല ആവാസനിവാസ സാധ്യതകൾ പോലും ഇല്ലാതാക്കി കഴിഞ്ഞു. ജീവൻ നഷ്ടപ്പെടാതിരിക്കാൻ കൂട്ടത്തോടെ ആളുകൾ അവിടെ നിന്നും പലയിടങ്ങളിലേക്ക് പാലായനം ചെയ്ത് കഴിഞ്ഞു.ഇവിടെ നശിപ്പിക്കപ്പെട്ടത് ആളുകളുടെ ജീവൻ മാത്രമല്ല, അവരുടെ താമസയിടങ്ങളോടൊപ്പം ആരാധന കേന്ദ്രങ്ങളും മതപരമായ ചടങ്ങുകളും ഒക്കെയാണ്. ഇന്നും മണിപ്പൂർ തീ അണയാത്ത ഒരു അഗ്നി പർവ്വതമായി നീറു നീറി പുകഞ്ഞു കൊണ്ടേയിരിക്കുന്നു. മണിപ്പൂർ ഇന്ത്യയുടെ ഗ്രാമാന്തരങ്ങളെ പോലും ആഴത്തിൽ ഗ്രസിക്കുകയും സമാധാന ജീവിതം പുനഃസ്ഥാപിക്കപ്പെടണമെന്ന ആവശ്യപ്പെട്ട് നിരവധി പ്രതിഷേധ സമരങ്ങളും സന്നാഹങ്ങളും ഓരോ തെരു കോണുകളിലും ജനം സംഘടിപ്പിക്കുന്നു. ഇന്ന് മണിക്കൂർ വിഷയം അതൊരു ആഗോള ചർച്ചയ്ക്ക് വഴിമരുന്നിട്ടിരിക്കുന്ന വിഷയമായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയും കേന്ദ്രം ഭരിക്കുന്ന പാർട്ടിയും നിശിദമായ വിമർശനം ഏറ്റുവാങ്ങിയും, ഒപ്പം ജനജീവിതം സാധാരണ ഗതിയിലാക്കാനുള്ള തീവ്രമായ ശ്രമവും അണിയറയിൽ നടന്നുകൊണ്ടിരിക്കുന്നു.

മണിപ്പൂർ പ്രശ്നങ്ങളുടെ പിന്നിൽ രാഷ്ട്രീയ അജണ്ടകളും ലക്ഷ്യങ്ങളും ഉണ്ടെന്നിരിക്കെ നാനാ തുറകളിൽ നിന്നുള്ള സമ്മർദ്ദവും ഒപ്പം കോടതിയുടെ നിരീക്ഷണവും ഉത്തരവുമൊക്കെ മാറി ചിന്തിക്കുവാൻ ഭരണാധികാരികളെ നിർബന്ധിതരാക്കുന്നു. മണിപ്പൂർ കലാപത്തിൽ നഷ്ടപ്പെട്ടുപോയ ഭവനങ്ങളും ആരാധന കേന്ദ്രങ്ങളും പുനഃസ്ഥാപിക്കണമെന്ന് സുപ്രീംകോടതി കഴിഞ്ഞ ദിവസം ഉത്തരവ് ഏറെ പ്രതീക്ഷയാണ് നൽകുന്നത്. ഭാഗികമായും പൂർണമായും നശിപ്പിക്കപ്പെട്ട നിരവധി വീടുകളോടൊപ്പം ആരാധനാലയങ്ങളും ഉണ്ടെന്നുള്ള തിരിച്ചറിവ് സുപ്രീംകോടതി ഉണ്ടായതിൽ ഏറെ അഭിനന്ദനം അർഹിക്കുന്നു. ഭരണഘടനയുടെ എല്ലാ ആനുകൂല്യങ്ങളും എല്ലാം പൗരന്മാർക്കും വേണ്ടിയുള്ളതാണെന്ന് നീതിന്യായ വ്യവസ്ഥകൾ ഒന്നുകൂടി ഉറക്കെ പ്രസ്താവിക്കുകയാണ് ഈ ഉത്തരവിലൂടെ ചെയ്യുന്നത്.

ഭാരതത്തിന്റെ ഭരണഘടനാവകാശങ്ങൾക്ക് യാതൊരു പ്രാമുഖ്യവും നൽകാതെ ഇവിടുത്തെ വരേണ്യ വർഗ്ഗങ്ങൾ നടത്തുന്ന തേർവാഴ്ചകൾ സാധാരണക്കാരുടെ ജീവിതത്തിന്റെ അടിത്തറ തോണ്ടുന്നു. നഗ്നമായ ഭരണഘടന ലംഘനങ്ങൾ കാണാതെ കണ്ണടയ്ക്കാനും പിന്നീട് അതിനെ ഇരുട്ടാക്കാനും കേന്ദ്ര സംസ്ഥാന സർക്കാരുകളും അനുബന്ധ സംവിധാനങ്ങളും ശ്രമിക്കുമ്പോൾ സാധാരണക്കാരന്റെ ശബ്ദമായി ഇവിടെ കോടതികൾ മാറുന്നത് സാധാരണയാണ്. കലാപം മുറുകിയപ്പോൾ ഉണ്ടാക്കിയത് കൊഴിഞ്ഞുപോയ തദ്ദേശവാസികളെ കൂടാതെ കൂടുതൽ ആളുകൾ അവിടെ നിന്നും പാലായനം ചെയ്യുന്നു എന്നുള്ളതാണ് പുതിയ റിപ്പോർട്ട്. എന്നാൽ മണിപ്പൂർ സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരേണ്ടത് ഭാരതത്തിന്റെ ആവശ്യമായതുകൊണ്ട് സംസ്ഥാന ഭരണകർത്താക്കൾ അതിനു വേണ്ടി പൂർവാധികം ശക്തിയോടെ ശ്രമിക്കേണ്ടിയിരിക്കുന്നു. സുപ്രീംകോടതിയുടെ നിർദ്ദേശത്തിൽ നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം.

മത ന്യൂനപക്ഷങ്ങൾക്കെതിരെ സംഘടിതവും ആസൂത്രിതവുമായ പീഡനങ്ങൾ ആവർത്തിക്കപ്പെട്ടു കൊണ്ടിരിക്കുന്നത് ഒരു നിത്യ സംഭവമായി മാറുകയും അതുവഴി ക്രൈസ്തവ മൂല്യങ്ങളും ആശയങ്ങളും ഉയർത്തിപ്പിടിക്കുന്ന സമൂഹത്തെ ഭാരത മണ്ണിൽ നിന്നും നിഷ്കാസനം ചെയ്യാം എന്ന് ധരിക്കുന്ന ചിലരുടെ വ്യാമോഹം മാത്രമായി മാറുമ്പോൾ അത്തരം പ്രവർത്തികളെ മുഖ വിലയ്ക്കു എടുക്കാൻ സുപ്രീംകോടതി തയ്യാറായി, അത് പരിഗണിക്കാം എന്നുള്ളതാണ് വിധി ഏറെ ആശ്വാസകരമാണ്. രാജ്യത്താകമാനം ക്രൈസ്തവ സമൂഹത്തിനെതിരെ ഉണ്ടായിട്ടുള്ള അക്രമങ്ങളും പീഡനങ്ങളും ഒക്കെയാണണ് കോടതിയുടെ പരിഗണനയിൽ വരിക. വരും ദിവസങ്ങളിൽ ഈ വിധികളും പരിഗണകളും എത്രത്തോളം പ്രായോഗിക തലത്തിൽ കൊണ്ടുവരുവാൻ കഴിയും എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്.

പ്രസ്തുത വിഷയത്തിന്മേൽ നിലവിൽ ഉണ്ടായിരിക്കുന്ന കോടതിയുടെ സജീവമായി ഇടപെടൽ പ്രതീക്ഷകളാണ് മണിപ്പൂർ വിഷയത്തിൽ നൽകുന്നത്. നമുക്കും പ്രാർത്ഥിക്കാം. സ്വത്വം നഷ്ടപ്പെട്ടു പോകുന്ന ഒരു ജനതയുടെ നിലവിളികൾക്ക് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകുവാൻ ഹൃദയം നുറുങ്ങി നമുക്ക് പ്രാർത്ഥിക്കാം. മണിപ്പൂർ സമാധാനത്തിലേക്കും സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരട്ടെ.


ഷാജൻ പാറക്കടവിൽ

# യു.കെയിലെ എൽജിബിറ്റി സമ്മേളനത്തിനു സമീപം സുവിശേഷം പ്രസംഗിച്ച യു.എസ്. പൗരൻ അറസ്റ്റിൽ



ലണ്ടൻ : യു.കെയിലെ കാന്റർബറിയിൽ എൽജിബിറ്റിയുടെ സമ്മേളന കേന്ദ്രത്തിനു സമീപം നിന്നുകൊണ്ട് സുവിശേഷം പ്രസംഗിച്ച യു.എസ്. പൌരനെ പോലീസ് അറസ്റ്റു ചെയ്തു. സമ്മേളനത്തിനു സമീപം റിയാൻ സ്കിയാവോ എന്ന സുവിശേഷകനാണ് റോമാ ലേഖനം ഒന്നാം അദ്ധ്യായം 18 മുതൽ 32 വരെയുള്ള വാക്യങ്ങളെ ഉദ്ധരിച്ചുകൊണ്ട് അധാർമ്മിതയ്ക്കും മൂല്യച്യുതിയ്ക്കും എതിരായി ദൈവവചനം പ്രസംഗിച്ചത്. ലെസ്ബിയൻ , ഗെ, ബൈസെക്ഷ്വൽ !, ട്രാൻസ് ജെൻഡർ എന്നീ വാക്കുകളുടെ ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സമ്മേളനമാണ് എൽജിബിറ്റി. മഴവില്ലിന്റെ അടയാളങ്ങൾ മുഖത്തും വസ്ത്രത്തിലും പതിപ്പിച്ച ആളുകൾ ആണ് അവിടെ ഉണ്ടായിരുന്നത്.

ഇദ്ദേഹം പ്രസംഗിച്ചു തുടങ്ങിയപ്പോൾ 5 ഓഫീസർമാർ എത്തി അറസ്റ്റു ചെയ്യുകയും പോലീസ് സ്റ്റേഷനിൽ തടവിലാക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന ബൈബിളും ലഘുലേഖകളും മൈക്രോഫോൺ സ്പീക്കർ എന്നിവയും പിടിച്ചെടുത്തു. പിന്നീട് റിയാനെ വിട്ടയയ്ക്കുകയുണ്ടായി. റിയാനെതിരെ കൂടുതൽ നടപടികളെടുത്തില്ല. എന്നാൽ തന്റെ ബൈബിളും മറ്റു സാധനങ്ങളും തിരിച്ചുതരണമെന്നാവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം കാത്തിരുന്നു. താൻ വർഷത്തിൽ പകുതി സമയവും യു.കെയിൽ പാപത്തിനും അധർമ്മത്തിനുമെതിരായി സുവിശേഷം പ്രസംഗിച്ചു വരികയാണെന്നും കഴിഞ്ഞ നാലു വർഷമായി ഇതുവരെ 25 പ്രാവശ്യം ഇതുപോലെ തെരുവോരങ്ങളിൽ പ്രസംഗിച്ചതിന്റെ പേരിൽ പോലീസ് തടഞ്ഞെന്നും ഒരു മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

# ക്രിസ്ത്യൻ ജീവനക്കാരനെതിരായ വിധി റദ്ദാക്കി സുപ്രീം കോടതി



പെൻസിൽവാനിയ: യു.എസിലെ പെൻസിൽ വാനിയയിലെ ലാൻകാസ്റ്റർ കൌണ്ടിയിലെ ക്വാറിവില്ലെ പോസ്റ്റ് ഓഫീസ് ഞായറാഴ്ചകളിൽ ആമസോൺ പാക്കേജുകൾ ഡെലിവറി ചെയ്യണമെന്ന് നിർബന്ധിതനായ ഒരു ക്രിസ്ത്യൻ തപാൽ ജീവനക്കാരനെതിരെയുള്ള കീഴ്കോടതിവിധി യുണൈറ്റഡ് സ്റ്റേറ്റ് സുപ്രീം കോടതി റദ്ദാക്കി. ഞായറാഴ്ചകളിൽ ആമസോൺ പാക്കേജുകൾ ഡെലിവർ ചെയ്യാൻ യുഎസ് തപാൽ സേവനത്തിന് ആവശ്യപ്പെടാമോ, എന്ന ചോദ്യത്തിന്. 'ഒരു ജീവനക്കാരന്റെ മതപരമായ വിശ്വാസങ്ങളും ആചാരങ്ങളും തൊഴിലുടമകൾ ന്യായമായ രീതിയിൽ ഉൾക്കൊള്ളണം, അത് ബിസിനസിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കില്ല' എന്നാണ് കോടതി അറിയിച്ചത്

ഗ്രെഗ് ഗ്രോഫ് എന്ന ജീവനക്കാരൻ ഞായറാഴ്ചകളിൽ ജോലി ചെയ്യണമെന്ന് കമ്പനി ആവശ്യപ്പെട്ടിരുന്നു. ഇല്ലായെങ്കിൽ രാജി വയ്ക്കണം. ഇതേത്തുടർന്ന് ഗ്രോഫ് 2019ൽജോലി ഉപേക്ഷിച്ചു. ഇതേത്തുടർന്നു കേസായി. മറ്റ് ജീവനക്കാരെയും ഓവർടൈം ജോലി ചെയ്യാൻ നിർബന്ധിക്കുന്നത് അനാവശ്യമായ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് ഒരു തൊഴിലുടമ നിഗമനം ചെയ്താൽ പോരാ സ്വമേധയാ ഷിഫ്റ്റ് സ്വാപ്പിംഗ് പോലുള്ള മറ്റ് ഓപ്ഷനുകൾ പരിഗണിക്കുന്നത് അത്യാവശ്യമാണെന്നും ജഡ്ജി സാമുവേൽ അലിറ്റോ അഭിപ്രായപ്പെട്ടു. കഴിഞ്ഞ മെയിലാണ് തേർഡ് സർക്യൂട്ടിലെ മൂന്നംഗ ജഡ്ജിമാരുടെ പാനൽ ഗ്രോഫിനെതിരെ വിധി പുറപ്പെടുവിച്ചത്. 'കർത്താവിന്റെ ദിനത്തെ ആദരിച്ചുകൊണ്ട് ദൈവത്തെ വിശ്വസിക്കാനുള്ള എന്റെ തീരുമാനത്തെ ജസ്റ്റിസുമാർ സ്ഥിരീകരിച്ചു' ഗ്രെഗ് ഗ്രോഫ് പറഞ്ഞു.

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr. Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis. Jessy Koshy
Sis. Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# 190 ദിവസത്തിൽ 400 അക്രമണങ്ങൾ;

## യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ റിപ്പോർട്ട്




### മണിപ്പൂരിൽ മെയ്തി, കുക്കി വിഭാഗങ്ങളിലുമായി 40,000ത്തിലധികം പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ നിരവധി പേർ പലായനം ചെയ്തു

ന്യൂഡൽഹി: ഈ വർഷത്തെ ആദ്യ ആറ് മാസത്തിനിടെ രാജ്യത്തു ക്രൈസ്തവർക്കു നേരേ അരങ്ങേറിയത് 400 അക്രമ സംഭവങ്ങൾ എന്ന് യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ റിപ്പോർട്ട്. രണ്ടുമാസമായി കലാപം നടക്കുന്ന മണിപ്പുരിലെ അക്രമ സംഭവങ്ങൾക്കു പുറമേയുള്ള കണക്കാണിത് എന്നത് ശ്രദ്ധേയമാണ്, മണിപ്പൂരിൽ നടന്ന ക്രൈസ്തവ വിരുദ്ധ അക്രമ സംഭവങ്ങൾ കൂടി കണക്കിൽ ഉൾപ്പെടുത്തിയാൽ എണ്ണം പതിമടങ്ങ് വർദ്ധിക്കും. ജൂണിലെ മാത്രം കണക്കുകൾ പരിശോധിച്ചാൽ അക്രമ സംഭവങ്ങളുടെ എണ്ണം പ്രതിദിനം മുന്നാണ്.

2014 മുതൽ ആറു മാസത്തിനിടെ ഏറ്റവുമധികം ക്രൈസ്തവ പീഡനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതും 2023ലാണ്. വൈദികർ, സന്യാസിനികൾ എന്നിവർക്കൊപ്പം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള വിശ്വാസികളും അതിക്രമങ്ങൾക്ക് ഇരകളായവരിലുണ്ട്. 2014 മുതൽ ക്രിസ്ത്യാനികൾക്കെതിരായ അക്രമ സംഭവങ്ങളിൽ സ്ഥിരമായ വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ട്. 2014ൽ ആകെയുണ്ടായ ക്രൈസ്തവ പീഡനങ്ങൾ 147 ആണ്. കഴിഞ്ഞ വർഷം ആകെ 599 അക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

മണിപ്പുരിൽ മെയ്തി, കുക്കി വിഭാഗങ്ങളിലുമായി 40,000ത്തിലധികം പേർ ദുരിതാശ്വാസ ക്യാമ്പുകളിലുണ്ട്. നിരവധി പേർക്കു പലായനം ചെയ്യേണ്ടി വന്നിട്ടുണ്ട്. സംഘപരിവാറിന്റെ വിവിധ സംഘടനകളാണ് ഭൂരിഭാഗം അക്രമങ്ങൾക്കും പിന്നിൽ. കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ ക്രൈസ്തവ വിരുദ്ധ ആക്രമണങ്ങളിൽ നിസംഗത തുടരുകയാണ്. യുപിയിലെ ജോനാപുർ (13), റായ്ബറേലി (11), സീതാപുർ (11), കാൺപുർ (10), കുശിനഗർ (9), അസ്മാർഗ് (9) എന്നീ ജില്ലകളിൽ കൂടുതൽ അക്രമങ്ങൾ നടന്നതായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. അക്രമങ്ങളുടെ എണ്ണത്തിൽ തൊട്ടുപിന്നിലുള്ള ഛത്തീസ്ഗഢിലെ (84) ബസ്തറിൽ മാത്രം ഇക്കാലയളവിൽ 31 അക്രമ സംഭവങ്ങളുണ്ടായി.

കഴിഞ്ഞ മാസം മാത്രം ക്രൈസ്തവർക്കു നേരേ 88 അക്രമങ്ങൾ അരങ്ങേറി. കണക്കുകൾ പ്രകാരം പ്രതിദിന അക്രമസംഭവങ്ങളുടെ എണ്ണം മൂന്നാണ്. ജനുവരിയിൽ 62, ഫെബ്രുവരിയിൽ 63, മാർച്ചിൽ 66, ഏപ്രിലിൽ 47, മേയിൽ 50, എന്നിങ്ങനെയായിരുന്നു അക്രമങ്ങളുടെ എണ്ണം. ജൂലൈയിൽ ആദ്യത്തെ പത്തു ദിവസം കൊണ്ട് 24 അക്രമങ്ങൾ റിപ്പോർട്ട് ചെയ്തുവെന്നും റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ ആറു മാസത്തിനിടെ രാജ്യത്തെ 23 സംസ്ഥാനങ്ങളിലും ക്രൈസ്തവ വിരുദ്ധ അക്രമങ്ങൾ അരങ്ങേറിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും നടന്നത് യോഗി ഭരിക്കുന്ന ഉത്തർപ്രദേശിലാണ്. 155 അക്രമങ്ങളാണ് സംസ്ഥാനത്ത് ഇക്കാലയളവിൽ അരങ്ങേറിയത്.

# EGM ബിബ്ലിക്കൽ സെമിനാരിയുടെ ക്ലാസുകൾ ആരംഭിക്കുന്നു

കാട്ടാക്കട : കിള്ളി മുരളിയാ ഡയറി ഫാമിന് സമീപമായി പ്രവർത്തിക്കുന്ന EGM ബിബ്ലിക്കൽ സെമിനാരിയുടെ ഈ വർഷത്തെ ക്ലാസുകൾ ജൂലൈ 17 തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുന്നു. റവ. തോമസ് മാത്യു ചെയർമാൻ ആയിട്ടുള്ള സെമിനാരി ദീർഘ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നതാണ്. C. Th, G. Th, D. Th, B. Th, M. Div, M. Th, Journalism, Counselig,MissionaryTraning & Church Planting,Musical Class, Languages Sturdy എന്നിവയാണ് ഈ കോളേജ് നൽകുന്ന കോഴ്സുകൾ. പി എച്ച് ഡി, മാസ്റ്റർ ഡിഗ്രികൾ ഉള്ള വേദ അധ്യാപന രംഗത്ത് ദീർഘ വർഷത്തെ അനുഭവസമ്പത്തും വൈധഗ്ദ്യവുമുള്ള അധ്യാപകരാണ് ഈ സ്ഥാപനത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ദൈവവചന പഠനത്തിന് താല്പര്യമുള്ളവർക്ക് ജൂലൈ 15 ശനിയാഴ്ച രാവിലെ 10 മണി മുതൽ നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കാം. IATA, NTA, EGM ജനറൽ കൗൺസിൽ അഫിലിയേഷനുള്ള ഈ സ്ഥാപനം സുവിശേഷവേലയിൽ ഇതിനോടകം ഒരുപാട് പേരെ സംഭാവന ചെയ്തിട്ടുണ്ട്.


Rev. Dr. K വിജയകുമാർ അഡ്മിനിസ്ട്രേറ്റീവ് ആയും Pr. സിറിൽ മാത്യു മാനേജിംഗ് ഡയറക്ടർ ആയും പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ Rev. Dr.S. സുബിൻ ആണ് പ്രിൻസിപ്പൽ Pr. G.P. നിശ്ചൽ റോയി രജിസ്ട്രാർ ആയും Pr.H.I. ജെഫേഴ്സൺ അക്കാഡമിക് ഡീനായും പ്രവർത്തിക്കുന്നു.

# അറസ്റ്റ് ചെയ്യപ്പെട്ട വിശ്വാസികൾക്ക് വധശിക്ഷ ലഭിച്ചേക്കാമെന്ന് ആശങ്ക

പ്യോംഗൻ : ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ ഏറ്റവും അപകടകരമായ രാജ്യമായ ഉത്തരകൊറിയയിൽ ദക്ഷിണ പ്യോംഗൻ പ്രവശ്യയിലെ ടോംഗോ ഗ്രാമത്തിലെ ഒരു ഫാം ഹൌസിൽ ഏപ്രിൽ 30 ന് രഹസ്യമായി കർത്താവിനെ ആരാധിച്ചു വന്ന 5 വിശ്വാസികളെ അറസ്റ്റ് ചെയ്തിരുന്നു. എന്നാൽ ഭരണകൂടം അവർക്കു വധശിക്ഷ വിധിച്ചേക്കാമെന്ന ആശങ്കയിലാണ് ഇപ്പോൾ രാജ്യത്തെ ക്രൈസ്തവർ. പോലീസ് ഞായറാഴ്ച പുലർച്ചെ 5 മണിക്കാണ് റയ്ഡ് നടത്തിയതെന്നും അറസ്റ്റിലായവർ സ്ത്രീകളും പുരുഷന്മാരും ആണെന്നും റിപ്പോർട്ടിലുണ്ട്. ആരാധനാ ശുശ്രൂഷ നടന്ന സ്ഥലത്ത് പോലീസ് ഡസൻ കണക്കിന് ബൈബിൾ, ലഘുലേഖകൾ പിടിച്ചെടുക്കുകയും ചെയ്തതായും ഒരു ടോംഗൻ നിവാസി പറഞ്ഞതായി മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു.

ഇവർ എല്ലാ ആഴ്ചകളിലും അതീവ രഹസ്യമായി കർത്താവിനെ ആരാധിക്കാൻ ഒത്തുകൂടാറുണ്ട്. പിടിക്കപ്പെട്ട അഞ്ചു വിശ്വാസികളും അധികാരികളുടെ സമ്മർദ്ദം വകവെക്കാൻ തയാറല്ല, തങ്ങളുടെ ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിക്കില്ലെന്നും, ബൈബിളുകൾ എവിടെനിന്നു ലഭിച്ചുവെന്നു പറയാൻ വിസമ്മതിച്ചതായും, യേശുവിനുവേണ്ടി മരിക്കുവാനും തയ്യാറാണെന്നും പറഞ്ഞതായും ജുഡിഷ്യൽ

ശേഷം 4-ാം പേജിൽ



# 'കവിത കുറിക്കപ്പെട്ട കളിമൺ ഭരണി

ശ്യാമ

റോമിന്റെ സുവർണ്ണ കാലഘട്ടത്തിലെ സവിശേഷസ്ഥാനം അലങ്കരിച്ചിരുന്ന കവി, ലാറ്റിൻ ഭാഷയിൽ കവിതയെഴുതിയിരുന്ന പബ്ളിയസ് വിർജിലിയസ് മാരോ എന്ന വിർജിൽ, അദ്ദേഹത്തിന്റെ കവിത ആലേഖനം ചെയ്ത ഒരു കളിമൺ ഭരണിയുടെ ഭാഗങ്ങളാണ് യൂറോപ്യൻ പുരാവസ്തുഗവേഷകർ കണ്ടെത്തിയിരിക്കുന്നത്. ഭരണിക്ക് 1800 വർഷം പഴക്കമുണ്ടെന്ന് ഗവേഷകർ അനുമാനിക്കുന്നു. കരകടൽ മാർഗങ്ങളിലൂടെ ചരക്കുകൾ കേടുകൂടാതെ കൊണ്ടുപോകാൻ അക്കാലത്ത് ഭരണികൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. ചരക്കുകൾ കൊണ്ടുപോകുന്ന പാത്രങ്ങളിൽ ചരക്കുമായി അല്ലെങ്കിൽ നികുതിയുമായി ബന്ധപ്പെട്ട വാചകങ്ങൾ കൊത്തിവയ്ക്കുന്നതു സാധാരണമായിരുന്നു.

കോർഡോബ, സെവില്ലെ, മോണ്ട്പെല്ലിയർ സർവകലാശാലകളിൽ നിന്നുള്ള ഗവേഷകരാണ് ഈ കണ്ടെത്തൽ നടത്തിയത്. ഒലിവ് ഓയിൽ സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന ഒരു മൺഭരണിയുടെ മൂന്നിഞ്ച് നീളം മാത്രമുള്ള ഭാഗമാണ് കണ്ടെത്തിയത്. അതിൽ കവിതയുടെ അഞ്ചു വരികളോളം ഭാഗികമായി കാണാൻ സാധിക്കും. ഒരു ഫാമിനെ എങ്ങനെ പരിപാലിക്കാം എന്നതിനെക്കുറിച്ചുള്ള വിർജിലിന്റെ കവിതയുടെ വരികളാണ് അവ.' പ്രപഞ്ചത്തിലെ ഏറ്റവും തിളക്കമുള്ള പ്രകാശങ്ങളെ എന്നു തുടങ്ങി ഒരുമിച്ചു നൃത്തം ചെയ്യു', എന്നു ധ്വനിക്കുന്നതാണ് കവിതാഭാഗം.

പ്രകൃതിയുടെ സൗന്ദര്യ സങ്കലനമാണ് വിർജിൽ കവിതകൾ. റോമാസാമ്രാജ്യത്തിന്റെ ദേശീയ ഇതിഹാസമാണ് 12 വാല്യമുള്ള ഈ ഇതിഹാസം. ഗവേഷകരുടെ അഭിപ്രായപ്രകാരം ഇതൊരു അപൂർവ്വ ലിഖിതം തന്നെയാണ്. ഇന്ന്, പ്രിന്റ് ചെയ്ത കപ്പുകളും, വസ്ത്രങ്ങളുമെല്ലാം സമ്മാനിക്കുന്നത് ഒരു ന്യൂജൻ ട്രെൻഡാണെന്നു വിശ്വസിക്കുന്നവരോട്, ഇത് പുരാതന കാലത്തു തന്നെ നിലവിലുണ്ടായിരുന്ന ഒരു സംസ്ക്കാരമാണെന്ന് ഈ ഗവേഷകർ ഓർമിപ്പിക്കുകയാണ്.

# ഐ പി സി പുതിയ ഓഫീസ് സമുച്ചയം ഡോ. ടി വത്സൻ എബ്രഹാം ഉത്ഘാടനം ചെയ്തു



കുമ്പനാട്: ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭയുടെ ജനറൽ കൗൺസിൽ ഭാരവാഹികൾക്കായി തയ്യാറാക്കിയ പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനവും സമർപ്പണ ശുശ്രൂഷയും ഐ.പി.സി ജനറൽ പ്രസിഡൻറ് പാസ്റ്റർ ഡോ. ടി വത്സൻ എബ്രഹാം നിർവഹിച്ചു. ജനറൽ കൗൺസിൽ ഭാരവാഹികളായ വൈസ് പ്രസിഡണ്ട് പാസ്റ്റർ ഫിലിപ്പ് പി തോമസ്, സെക്രട്ടറി പാസ്റ്റർ ബേബി വർഗീസ്, ജോയിൻറ് സെക്രട്ടറിമാരായ പാസ്റ്റർ തോമസ് ജോർജ്, ബ്രദർ കാച്ചാനം വർക്കി ഏബ്രഹാം, ട്രഷറർ ജോൺ ജോസഫ് എന്നിവർ സന്നഹിതരായിരുന്നു.

സഭ സംസ്ഥാന ജോയിൻറ് സെക്രട്ടറി ജെയിംസ് ജോർജ്, പാസ്റ്റർമാരായ സി സി എബ്രഹാം, വർഗീസ് മത്തായി, കെ പി കുരിയൻ, തോമസ് മാത്യു ചാരുവേലിൽ, ഫീന്നി പി മാത്യു എന്നിവർ പ്രസംഗിച്ചു. സഭയുടെ പരിഷ്കരിച്ച ഭരണഘടനയുടെ മലയാളം പതിപ്പ് ജനറൽ കൗൺസിൽ ഭാരവാഹികൾ സംസ്ഥാന ഭാരവാഹികളായ പാസ്റ്റർ എബ്രഹാം ജോർജ് (വൈസ് പ്രസിഡൻറ്), പാസ്റ്റർ രാജു ആനിക്കാട്, ജെയിംസ് ജോർജ് (ജോയിൻറ് സെക്രട്ടറിമാർ) എന്നിവർക്ക് നൽകി പ്രകാശനം ചെയ്തു. ജനറൽ കൗൺസിൽ ഭാരവാഹികൾക്കുള്ള ഓഫീസുകൾ, മിനി കോൺഫറൻസ് ഹോൾ, അതിഥികൾക്കുള്ള ഇരിപ്പിട സൗകര്യം, സ്വീകരണ സ്ഥലം എന്നിവ ഉൾപ്പെടുന്നതാണ് ഓഫീസ് കോംപ്ലക്സ്.

# മതനിന്ദ ആരോപിച്ച് ക്രിസ്ത്യൻ യുവാവിനെ അറസ്റ്റ് ചെയ്തു

ലാഹോർ: ഫേസ്ബുക്കിൽ ഒരു പോസ്റ്റ് ഷെയർ ചെയ്തതിന്, ഇസ്‌ലാമിനെ അവഹേളിച്ചുവെന്ന് മുഹമ്മദ് അവായിസ് എന്ന മുസ്ലിം ആരോപിച്ചതിനെത്തുടർന്ന്, ചക് 98 ഷുമാലി ഗ്രാമത്തിലെ 35 കാരനായ സാക്കി മസിഹിനെതിരെ, സർഗോധ പോലീസ് ദൈവനിന്ദ കേസ് രജിസ്റ്റർ ചെയ്തു.10 വർഷം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കാവുന്ന പാക്കിസ്ഥാന്റെ മതനിന്ദ നിയമങ്ങളിലെ സെക്ഷൻ 295എ പ്രകാരമാണ് പോലീസ് സാക്കി മസിഹിനെ അറസ്റ്റ് ചെയ്തത്. മതവികാരം വ്രണപ്പെടുത്തിയതിനെതിരെ സെക്ഷൻ 298 പ്രകാരം ഒരു വർഷം വരെ തടവോ പിഴയോ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റവും ചുമത്തിയിട്ടുണ്ട്. സാക്കി മസീഹും കുടുംബവും യുണൈറ്റഡ് പ്രെസ്ബിറ്റീരിയൻ ചർച്ചിലെ വിശ്വാസികളാണ്.

പരാതിക്കാരനും സുഹൃത്തുക്കളും സാകി മസിഹിനെതിരെ പിന്തുണ പ്രഖ്യാപിക്കാൻ നിരവധി മുസ്ലീങ്ങളെ സമീപിച്ചിരിക്കുകയാണ്. എന്നാൽ സുഹൃത്തുക്കൾ വിദ്വേഷം വളർത്തുന്നതിൽ നിന്ന് അവായിസിനെ നിരുത്സാഹപ്പെടുത്തി.'ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുന്ന ഒന്നും പോസ്റ്റിൽ ഇല്ലെന്നും, മതപരമായ സംഘർഷം ഉണ്ടാക്കുന്നതിൽ നിന്ന് വിട്ടുനിൽക്കണമെന്നും ഗ്രാമത്തിലെ മസ്ജിദിലെ ഇമാം അവരോട് പറഞ്ഞു,' പോലീസ് മസീഹിന്റെ കട റെയ്ഡ് ചെയ്യുകയും കസ്റ്റഡിയിലെടുക്കുകയും ചെയ്തു. ആരോപണങ്ങൾ ചക് 98 ഷുമാലി ഗ്രാമത്തിലെ ക്രിസ്ത്യാനികൾക്കിടയിൽ പരിഭ്രാന്തി സൃഷ്ടിച്ചു, എന്നാൽ മുസ്ലീം നേതാക്കളുടെ സമയോചിതമായ ഇടപെടൽ പരിഭ്രാന്തിയും പലായനവും തടഞ്ഞു.

മതനിന്ദാ ആരോപണങ്ങളിൽ പോലീസ് ആവർത്തിച്ച് നിയമങ്ങൾ ലംഘിക്കുന്നതായി അഭിഭാഷകൻ വിമർശിച്ചു.'ഏതെങ്കിലും വ്യക്തിക്കെതിരെ മതനിന്ദ ആരോപണം ഉയർന്നാൽ, ശരിയായ അന്വേഷണവും നിയമനടപടികളും പാലിക്കാതെ പോലീസ് നേരിട്ട് കേസെടുക്കുന്നത് ഒരു പതിവാണ്, പ്രതികാരത്തിന്റെ ആയുധമായി ദൈവനിന്ദ നിയമങ്ങൾ പലപ്പോഴും ഉപയോഗിക്കുന്നു. ഓപ്പൺ ഡോർസിന്റെ 2023ലെ വേൾഡ് വാച്ച് ലിസ്റ്റിൽ പാകിസ്ഥാൻ ഏഴാം സ്ഥാനത്താണ്, ക്രിസ്ത്യാനികൾക്ക് ഏറ്റവും ബുദ്ധിമുട്ടുള്ള രാജ്യങ്ങളുടെ പട്ടികയിൽ കഴിഞ്ഞ വർഷം എട്ടാം സ്ഥാനത്തായിരുന്നു. ഒരു ആൾക്കൂട്ടത്തെ കലാപത്തിന് പ്രേരിപ്പിക്കാനും കള്ളക്കേസിൽ പ്രതികളായവരെ തല്ലിക്കൊന്നതിനും ഒരു ആരോപണം മാത്രം മതി. സെന്റർ ഫോർ സോഷ്യൽ ജസ്റ്റിസിന്റെ കണക്കനുസരിച്ച് മതനിന്ദാ നിയമങ്ങൾ പ്രകാരം 1,949 പേരെങ്കിലും പ്രതികളായിട്ടുണ്ട്.
ഈ മതനിന്ദ കേസുകളിൽ വലിയൊരു വിഭാഗം ഇപ്പോഴും നീതിക്കായി കാത്തിരിക്കുകയാണ്. സാക്കി ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിലാണ്, ഈ ആഴ്ച ജാമ്യത്തിനായി ഫയൽ ചെയ്യും.

## വധശിക്ഷ ലഭിച്ചേക്കാമെന്ന് ആശങ്ക...

3-ാം പേജ് തുടർച്ച

ഏജൻസി വെളിപ്പെടുത്തിയതായും റിപ്പോർട്ടുകളുണ്ട്.
ഏകദേശം 26 ദശലക്ഷം ജനങ്ങളുള്ള രാജ്യത്ത് ക്രൈസ്തവർ വെറും ന്യൂനപക്ഷങ്ങളാണ്. ഉത്തര കൊറിയയിൽ മതവിശ്വാസം പാടില്ല. ക്രൈസ്തവ ആരാധന നടത്തുന്നതിനും ബൈബിൾ കൈവശം വയ്ക്കുന്നതിനും കടുത്ത ശിക്ഷകളുണ്ട്. ചിലപ്പോൾ വധശിക്ഷ വരെ ലഭിച്ചേക്കാമെന്നും അല്ലെങ്കിൽ ലേബർ ക്യാമ്പുകളിൽ അടയ്ക്കപ്പെടുകയും ചെയ്യാമെന്നും ക്രൈസ്തവ സമൂഹം ആശങ്കപ്പെടുന്നു. ഇവരുടെ മോചനത്തിനായി ദൈവമക്കൾ ശക്തമായി പ്രാർത്ഥിക്കുക.

# സായുധധാരികൾ തട്ടിക്കൊണ്ടുപോയ വൈദികൻ മോചിതനായി



അബൂജ: നൈജീരിയയിൽ നിന്നു സായുധധാരികൾ തട്ടിക്കൊണ്ടുപോയ വൈദികൻ ഫാ. ജോസഫ് അസുബുകെ മോചിതനായി. തെക്ക് കിഴക്കൻ നൈജീരിയയിലെ എബോണി സ്റ്റേറ്റിലെ ഇസുവിൽ നിന്നാണ് വൈദികനെയും മറ്റ് മൂന്ന് പേരെയും തോക്കുധാരികൾ തട്ടിക്കൊണ്ടുപോയത്. ഇവരെ ഇന്നലെ വൈകിട്ട് മോചിപ്പിക്കുകയായിരിന്നു. രക്ഷാപ്രവർത്തനത്തിനിടെ രക്ഷപ്പെട്ട കുറ്റവാളികളെ പിടികൂടാനുള്ള തീവ്രശ്രമം തുടരുന്നുണ്ട്. വൈദികനെയും തട്ടിക്കൊണ്ടുപോയ മറ്റുള്ളവരെയും മോചിപ്പിച്ചതായി അബാകാലിക്കി രൂപതയുടെ ചാൻസലർ ഫാ. മാത്യു ഓപ്പോക്ക് സ്ഥിരീകരിച്ചിട്ടുണ്ട്.

എബോണി സ്റ്റേറ്റിലെ ഒനിച എൽജിഎയിലെ എംഗ്ബലേകെ ഇസുവിലെ സെന്റ് ചാൾസ് പള്ളിയിലെ ഇടവക വികാരിയായ ഫാ. അസുബുകെയെയും മറ്റ് മൂന്ന് പേരെയും യോഗത്തിൽ പങ്കെടുത്ത് മടങ്ങുമ്പോൾ വൈദിക മന്ദിരത്തിന് സമീപത്തുവെച്ച് തട്ടിക്കൊണ്ടുപോകുകയായിരുന്നു. തട്ടിക്കൊണ്ടുപോയവരിൽ ഫാ. ജോസഫ് അസുബുകെയെ പരിക്കേൽക്കാതെ തന്നെ മോചിപ്പിച്ചുവെന്നും എബോണി പോലീസ് പ്രസ്താവിച്ചു. ഫാ. ജോസഫ് അസുബുകെയ്ക്കും അദ്ദേഹത്തോടൊപ്പം തട്ടിക്കൊണ്ടുപോയ മറ്റ് മൂന്ന് പേർക്കും സ്വാതന്ത്ര്യം ലഭിച്ചുവെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ടെന്നും മോചനത്തിനായി പ്രാർത്ഥിച്ചവർക്കും ഇടപെടൽ നടത്തിയവർക്കും നന്ദി അർപ്പിക്കുന്നതായും രൂപത പ്രസ്താവിച്ചു.

## വൈ പി സി എ യുടെ നേതൃത്വത്തിൽ തെരുവിൽ ഒരു കരുതൽ

കൊല്ലം : കൊല്ലം സെന്റർ വൈ പി സി എ യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന തെരുവിൽ ഒരു കരുതലിന്റെ ഭാഗമായി തെരുവിൽ അഭയം പ്രാപിച്ചവർക്ക് സുമനസ്സുകളുടെ സഹായത്തോടെ ആവശ്യമായ സഹായങ്ങൾ ചെയ്തു വരുന്നു. വൈ പി സി എ ചാരിറ്റി ഡിപ്പാർട്ട്മെന്റ് ഭാരവാഹികളായ സൈജു, ധന്യ, ഡെറിക് , എഞ്ചൽ ,
ജോൺസൺ ജോസഫ് (സണ്ടേസ്ക്കൂൾ സെക്രട്ടറി)
വൈ പി സി എ പ്രസിഡണ്ട് ഷിജു രാജ്, ആക്റ്റിങ്ങ് പ്രസിഡണ്ട് ആഷ്‌ലി ബെൻസ് , സെക്രട്ടറി സുധിൻ ബാബു തുടങ്ങിയവർ നേതൃത്വം വഹിക്കുന്നു.

## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

### വധുവിനെ ആവശ്യമുണ്ട്

Remarriage,Born Again Syrian Christian
Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**


CHRISTIANLIVE
CHRISTIAN LIVE.IN
Presents
Bhakta Smarana
2023 JULY
15
SATURDAY
07:30PM
AJMAN
BLOOMINGTON SCHOOL
AUDITORIUM
Bro.JEEMON
050-5854760
DR. WILSON JOSEPH
DR. K O MATHEW
CALL NOW : BRO.SANTHOSH EAPEN
050 6576490
CHRISTIAN MUSIC NIGHT WITH THE PARTICIPATION OF FAMILY MEMBERS OF LATE EVG. BHAKTAVALSALAN & FAMOUS DEVOTIONAL SINGERS FROM KERALA
OFFICIAL LAUNCH OF CHRISTIAN LIVE MEDIA OPERATIONS IN UAE